# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2491 06.12.2018-ൽ മറുപടിക്ക്**

**കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനിയുടെ പാട്ടഭൂമി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി** | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** |
| (എ) കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയ സ്ഥലം, കമ്പനി പൂർണ്ണമായും പ്രവർത്തനരഹിതമായ സാഹചര്യത്തിൽ തിരിച്ച് പിടിയ്ക്കുന്നതിനും, പുതിയ വികസനാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) (ബി) & (സി) വൈഗ ത്രെഡ്സ് പ്രൊസസ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മുഴുവൻ "Assets and effects", ബഹു.കർണ്ണാടക ഹൈക്കോടതിയുടെ 05.03.2015 തീയതിയിലെ കമ്പനി പെറ്റീഷൻ നമ്പർ 90/2008 മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹു.കർണ്ണാടക ഹൈക്കോടതി നിയമിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിൽ ആണ്.<br><br>ഈ സ്ഥാപനത്തിന് സർക്കാർ പാട്ടത്തിനു നൽകിയിരുന്ന ഭൂമിയുടെ പാട്ടം, കമ്പനി പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ടെങ്കിലും കർണ്ണാടക ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കമ്പനി പെറ്റീഷനിൽ അന്തിമ തീരുമാനമാകാത്തതിനാൽ ഭൂമി സർവ്വെ ചെയ്ത് കൈവശത്തിൽ എടുക്കുന്നതിനോ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനോ സാധിച്ചിട്ടില്ല. ബഹു.കോടതിയുടെ അന്തിമവിധിക്കനുസൃതമായി സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | |
| (സി) നടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ